**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 436** **15-03-2023 - ൽ മറുപടിയ്ക്ക്**

**യാത്രാ സൗജന്യം നൽകുന്നതുമൂലമുള്ള കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന യാത്രാ ആനുകൂല്യങ്ങളിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ച് വരുന്ന എല്ലാ യാത്രാസൗജന്യങ്ങളും നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.<br><br>നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിയ്ക്കുന്ന വരുമാനം ചിലവിന് പര്യാപ്തമല്ല. കെ.എസ്.ആർ.ടി.സി.യിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യ യാത്രയാണ് നൽകി വരുന്നത്. കൂടാതെ മറ്റ് വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ യാത്രയ്ക്കായി കൺസഷൻ ടിക്കറ്റും നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം നൽകുന്നതുമൂലം 2007-08 മുതൽ 2015-16 വരെ (Audited) 503.35 കോടി രൂപയും, 2016-17 മുതൽ 2021-22 വരെ (un-audited) 388.13 കോടി രൂപയും വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. |
| (ബി) | വിവിധ യാത്രാ ഇളവുകളും യാത്രാ സൗജന്യവും നൽകുക വഴി കെ.എസ്.ആർ.ടി.സി. യ്ക്ക് ഉണ്ടാകുന്ന ബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 2015-16 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ മാത്രമേ കെ.എസ്.ആർ.ടി.സി.യിൽ C&AG ആഡിറ്റ് പൂർത്തിയാക്കി അംഗീകാരം ലഭിച്ചിട്ടുള്ളൂ. ആഡിറ്റ് ചെയ്യപ്പെടാത്ത താൽക്കാലിക കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് യാത്രാ ഇളവുകളും യാത്രാ സൗജന്യവും നൽകുന്നതുവഴി 2007-08 മുതൽ 2021-22 കാലയളവ് വരെ ഉണ്ടായ ബാദ്ധ്യത 3768.13 കോടി രൂപയാണ്.<br><br>വിദ്യാർത്ഥി കൺസഷൻ സംവിധാനം കാലോചിതമായി പരിഷ്കരിക്കുവാൻ ആലോചിക്കുന്നുണ്ട്. ഇതിനൊപ്പം സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി യാത്രാസൗജന്യം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യ്ക്ക് സാമ്പത്തിക സഹായം അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി.യിൽ നിന്നും സമർപ്പിച്ചിട്ടുള്ള കത്ത് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | യാത്രാ സൗജന്യം നൽകുന്നതുമൂലം കെ.എസ്.ആർ.ടി.സി. യ്ക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 2015-16 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ മാത്രമേ കെ.എസ്.ആർ.ടി.സി.യിൽ C&AG ആഡിറ്റ് പൂർത്തിയാക്കി അംഗീകാരം ലഭിച്ചിട്ടുള്ളൂ. ആഡിറ്റ് ചെയ്യപ്പെടാത്ത താൽക്കാലിക കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് യാത്രാ ഇളവുകളും യാത്രാ സൗജന്യവും നൽകുന്നതുവഴി 2007-08 മുതൽ 2021-22 കാലയളവ് വരെ ഉണ്ടായ ബാദ്ധ്യത 3768.13 കോടി രൂപയാണ്.<br><br>വിദ്യാർത്ഥി കൺസഷൻ സംവിധാനം കാലോചിതമായി പരിഷ്കരിക്കുവാൻ ആലോചിക്കുന്നുണ്ട്. ഇതിനൊപ്പം സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി യാത്രാസൗജന്യം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് സാമ്പത്തിക സഹായം അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി.യിൽ നിന്നും സമർപ്പിച്ചിട്ടുള്ള കത്ത് സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ